**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3854** **03-03-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിൽ വീട് നഷ്ടപ്പെട്ടവർക്ക് അനുവദിച്ച നഷ്ടപരിഹാര തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ വീടും പുരയിടവും നഷ്ടപ്പെട്ടതിന് അനുവദിച്ച നഷ്ടപരിഹാര തുക ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇനി എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടെന്ന് വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഭവന നാശം സംഭവിച്ച 74 ഗുണഭോക്താക്കൾക്ക് ധനസഹായം കൈമാറാനുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| വില്ലേജ് | എണ്ണം |
|---|---|
| ചോക്കാട് | 1 |
| കുറുവാരക്കുണ്ട് | 1 |
| മൂത്തേടം | 1 |
| അകമ്പാടം | 2 |
| കരുളായി | 2 |
| ചുങ്കത്തറ | 3 |
| കുറുമ്പലങ്ങോട് | 4 |
| പോത്തുകല്ല് | 7 |
| മമ്പാട് | 10 |
| പുള്ളിപ്പാടം | 13 |
| എടക്കര | 14 |
| നിലമ്പൂർ | 16 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യേണ്ട ആകെ തുക എത്രയെന്നും ഈ തുക ഇപ്പോൾ ഏത് വകുപ്പിലാണുള്ളതെന്നും തുക നൽകേണ്ട ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥൻ ആരെന്നും അറിയിക്കാമോ; പ്രസ്തുത നഷ്ടപരിഹാര തുക നിലമ്പൂർ തഹസിൽദാരുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; തുക ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 42,40,400/- രൂപയാണ് ഈ ഇനത്തിൽ വിതരണം ചെയ്യേണ്ടത്. 2019-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രളയത്തിൽ തകർന്ന വീടുകളുടെ ധനസഹായം അനുവദിക്കുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) വിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA 701010200000080 അക്കൗണ്ടിലേയ്ക്ക് വകയിരുത്തുകയും CMDRF വിഹിതം കൂടി ചേർത്തുള്ള ധനസഹായം ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) വഴി നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. |
| (സി) | മേൽ വിഷയത്തിൽ തീരുമാനമെടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുക നൽകുവാനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; സാങ്കേതിക തകരാറുകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ഗുണഭോക്താക്കൾക്ക് തുക എപ്പോൾ നൽകാനാകുമെന്ന് അറിയിക്കാമോ? | (ഡി) | പ്രളയ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ അക്കൗണ്ട് കറക്ഷൻ ഉള്ള കേസുകളിലെ തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA 701010200000080 അക്കൗണ്ടിലേയ്ക്ക് മടങ്ങി വന്നിട്ടുള്ളതും ജില്ലകളിൽ നിന്ന് അക്കൌണ്ട് കറക്ഷൻ വരുത്തി ജില്ലാകളക്ടർമാർ ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് അക്കൌണ്ട് കറക്ഷൻ വരുത്തി തുക അനുവദിക്കുന്നതിന് അനുമതി നല്കി ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ(ഫണ്ട്സ്)വകുപ്പ് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ